പൂവാർ, കരിംകുളം, കൊച്ചുതുറ, പുതിയതുറ, പള്ളം, പുല്ലുവിള, നീരോടി, മാർത്താണ്ഡൻതുറ, വള്ളവിള എന്നീ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കും. ഇവിടെ മത്സ്യബന്ധന തുറമുഖം വരുന്നതോടുകൂടി വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് ഇന്നുള്ള തിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ നിരന്തരമായ ഈ ആവശ്യമാണ് എൽ.എൽ.എ. ഉന്നയിച്ചത്. തീർച്ചയായും അനുഭാവപൂർവ്വം ഇക്കാര്യം പരിഗണിക്കുന്നതാണ്. തുറമുഖ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി 63 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഉടൻതന്നെ ഭരണാനുമതി നൽകുന്നതാണ്. ഈ പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് സഹായകരമായ വിധത്തിൽ തീരദേശ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഏകദേശം ഒരു കോടി രൂപ ചെലവുവരുന്ന ഒരു ഫിഷ് ലാന്റിംഗ് സെന്റർ സമീപകാലത്ത് നിർമ്മാണം ആരംഭിച്ച് പൂർത്തിയാക്കുകയുണ്ടായി. പക്ഷേ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ എണ്ണം പരിഗണിച്ചുകൊണ്ട് ഒരു ഹാർബർ ആവശ്യമാണെന്നുള്ള മെമ്പറുടെ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. അതിനുള്ള പ്രാരംഭ നടപടികൾ ഉടനെ സ്വീകരിക്കുന്നതാണ്.

21. ആയൂർ-ഇത്തിക്കര റോഡിന് ഭരണാനുമതി

12.04 PM]

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, എന്റെ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട രണ്ട് പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്. ആയൂർ-ഇത്തിക്കര റോഡിന്റെ ആദ്യത്തെ ഫേസ് 5 കിലോമീറ്റർ ബി.എം. & ബി.സി.-യിൽ ചെയ്തതാണ്. എന്നാൽ അതിന്റെ തുടർച്ചയായ സെക്കന്റ് ഫേസിനുവേണ്ട സ്ഥലമാണ് ഇപ്പോൾ ആ റോഡിൽ മോശം സ്ഥിതിയിലുള്ളത്. നിലവിൽ അവിടെ വാഹനം ഓടിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതിന്റെ സെക്കന്റ് ഫേസ് പൂർത്തിയാക്കി ഇപ്പോഴത്തെ പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

രണ്ടാമതായി പറയാനുള്ളത് പെരപ്പയം പാലത്തിനെക്കുറിച്ചാണ്. നബാർഡിന്റെ സഹായത്തോടുകൂടി പണിയുന്ന പെരപ്പയം പാലം രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും 12 കിലോമീറ്റർ ദൂരം അക്കരെയും ഇക്കരെയുമുള്ളവർക്ക് എളുപ്പത്തിൽ പോകാൻ പറ്റുന്നതുമാണ്. ആ പാലത്തിന്റെ ഭരണപരമായ നടപടി ക്രമങ്ങൾ പൂർത്തിയായിരിക്കുമ്പോൾ ടെണ്ടർ നടപടി സ്വീകരിച്ച് അതിന്റെ പണി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. അടുത്തയാഴ്ച ഇതുമായി ബന്ധപ്പെട്ട് അവിടെയുള്ള വകുപ്പുദ്യോഗസ്ഥരുടെ ഒരു യോഗം അങ്ങയുടെ ഓഫീസിൽത്തന്നെ വിളിക്കാനുള്ള സൗകര്യംകൂടി ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

12.05 PM]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട ഒരു റോഡാണ് 24 കിലോമീറ്റർ ദൈർഘ്യമുള്ള ആയൂർ-ഇത്തിക്കര റോഡ്. ഇതിൽ ഇലവുംമൂട് മുതൽ ഓയൂർ വരെയുള്ള റോഡ് ബി.എം. & ബി.സി. രീതിയിൽ നവീകരിക്കുന്നതിനായി 13.85 കോടി രൂപയ്ക്ക് ഭരണാനുമതി നൽകാനുള്ള പ്രൊപ്പോസലുണ്ട്. ഇതിന്റെ ആദ്യഘട്ടം ബി.എം. & ബി.സി. ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഘട്ടം ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി കൊടുക്കാനുള്ള നടപടി സ്വീകരിക്കും. ചടയമംഗലം മണ്ഡലത്തിലെ പെരപ്പയം പാലം നിർമ്മാണത്തിന് നബാർഡിൽനിന്നും ഭരണാനുമതി നൽകി ക്കഴിഞ്ഞിരിക്കുകയാണ്. ഇത് സംബന്ധിച്ച് ടി. എസ്. കമ്മിറ്റി പരിഗണി ക്കുകയും പാലത്തിന്റെ കോൺക്രീറ്റിംഗിന്റെ മിക്സ് ഡിസൈനിൽ മാറ്റം വരുത്തി സാങ്കേതികാനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മിക്സ് ഡിസൈനിൽ ആവശ്യമായ മാറ്റം ചീഫ് എഞ്ചിനീയറിൽ (ഡിസൈൻ) നിന്നും വാങ്ങി രണ്ട് ദിവസത്തിനുള്ളിൽ ടി.എസ്. നൽകുന്നതാണ്.

22. പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

12.06 PM]

ശ്രീ. കെ. കെ. നാരായണൻ: സർ, കണ്ണൂർ-കുത്തുപറമ്പ് റോഡിൽ, പ്രത്യേകിച്ച് മലയോര ഹൈവേയിൽ ഏറ്റവും പ്രധാനപ്പെട്ട പാലമാണ് മമ്പറം പാലം. അതിന്റെ ഒരു ഭാഗം അടർന്നുവീണ് പാലം അപകടത്തിലാണെന്നു കണ്ടെത്തി പുതിയ പാലം പണിയാൻ 5 വർഷം മുമ്പ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തറക്കല്ലിട്ട് പണിയാരംഭിച്ചു. അതുപോലെ വേങ്ങാട് പഞ്ചായത്തും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ചേരുന്ന മണക്കായിക്കടവ് പാലത്തിന്റെയും പണിയാരംഭിച്ചു. രണ്ട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെ സ്ഥലം ഏറ്റെടുത്തില്ല എന്ന കാരണംപറഞ്ഞ് രണ്ട് വർഷം മുമ്പ് പണി നിർത്തിവച്ചിരിക്കുകയാണ്. പിന്നീട് ഈ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളൊന്നും നടക്കുന്നില്ല. ഏറ്റവും അപകടകരമായ അവസ്ഥയിൽ നിൽക്കുന്ന ഈ പാലങ്ങൾ പൂർത്തിയാക്കി പണിയാൻ യാതൊരു നടപടിയും പിന്നീട് സ്വീകരിക്കുന്നതായി കാണുന്നില്ല. ഇതുസംബന്ധിച്ച് നാട്ടിൽ വലിയ ആക്ഷേപം ഉയർന്നുവരികയാണ്. അതുകൊണ്ട് ഈ രണ്ട് പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly